കൊല്ലം ജില്ലാ ആംഡ് റിസർവ്വ് പോലീസിലെ നിയമനം

49 (5959) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാ ആംഡ് റിസർവ്വ് ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും, ജില്ലയിലേക്ക് ട്രാൻസ്ഫർ ആയ പോലീസ് ഉദ്യോഗസ്ഥർ ജില്ലയിൽ ജോയിൻ ചെയ്യാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവർ എത്രപേർ എന്നറിയിക്കുമോ ;

(ബി) കൊല്ലം ജില്ലാ ആംഡ് റിസർവ്വ് ഇന്റർ ഡിസ്ട്രിക്ട് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും അടിയന്തിരമായി അവരെ ഒഴിവാക്കി അടുത്ത സേനാംഗങ്ങളെ ലിസ്റ്റിൽ നിന്നും നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2 പേർ.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

ഹോം ഗാർഡുകളുടെ ജോലിസമയം

50 (5960) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോം ഗാർഡുകളുടെ ജോലിസമയം എങ്ങനെയാണ് നിർണ്ണയിച്ചിരിക്കുന്നത് ; ഇവർക്ക് ജോലിഭാരം അധികമായിട്ടാണ് നൽകിയിട്ടുള്ളതെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹോം ഗാർഡുകൾക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളത് ; ഇവർക്ക് ഇ.എസ്.ഐ., പി.എഫ്., മുതലായ ആനുകൂല്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇവർക്ക് അവധി എടുക്കാൻ അനുവാദം ഉണ്ടോ ?

ഉത്തരം

(എ) അഗ്നിശമന രക്ഷാസേവന/പോലീസ് വകുപ്പുകളിലെ ഒരു ദിവസത്തെ ഡ്യൂട്ടിക്കായി നിഷ്കർഷിച്ചിട്ടുള്ള സമയമാണ് ഹോം ഗാർഡുകളുടെ ഒരു ദിവസത്തെ ഡ്യൂട്ടി സമയം. ഇവർക്ക് അധികജോലിഭാരം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഡ്യൂട്ടി നോക്കുന്ന ദിവസങ്ങളിൽ 250 രൂപ ദിവസ വേതനത്തിലാണ് ഇവരെ നിയമിച്ചിരിക്കുന്നത്. ഇവർക്ക് മറ്റ് ആനുകൂല്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly